(സി) ഇല്ലെങ്കിൽ ഇതേപ്പറ്റി പൊതുഭരണ വകുപ്പിൽ അന്വേഷിക്കുമോ ;

(ഡി) തിരുവനന്തപുരം റവന്യൂ ജില്ലയിൽ 1984-85, 1985-86 വിദ്യാഭ്യാസ വർഷങ്ങളിൽ ഇൻറർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫറിനുള്ള എത്ര അദ്ധ്യാപകരുടെ അപേക്ഷകൾ ഇക്കാരണത്താൽ പരിഗണിക്കാതിരുന്നിട്ടുണ്ട് ;

(ഇ) ഇത്തരം അപേക്ഷകൾ അവർ ആവശ്യപ്പെട്ട ജില്ലകളിലേക്ക് ഇനിയെങ്കിലും അയയ്ക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ജി. ഒ. എം. എസ്. 154/71/പി. ഡി. തീയതി 27-2-1971 പ്രകാരം 5 കൊല്ലത്തെ സേവനം ഒരു ജില്ലയിൽ പൂർത്തിയാക്കിയവർക്കു മാത്രമേ ജില്ലാന്തര സ്ഥലം മാറ്റത്തിന് അർഹതയുള്ളു. ഈ നിബന്ധന വിദ്യാഭ്യാസ വകുപ്പിൽ ജി. ഒ. 442/80/ജി. എ. ഡി. ക്കു വിധേയമായി നിർബന്ധമാക്കുന്നുണ്ട്.

(ബി) ജി. ഒ. എം. എസ്. 442/80 ജി. എ. ഡി. 26-9-1980 അനുസരിച്ച് തിരു: കൊച്ചി വിഭാഗത്തിൽ നിന്നും മലബാറിലേയ്ക്കും തിരിച്ചും സ്ഥലം മാറ്റപ്പെടുന്ന ജില്ലാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവർക്കു മാത്രം 5 വർഷത്തെ കാലാവധിയെ സംബന്ധിച്ച് നിബന്ധന നടപ്പാക്കിയാൽ മതി എന്ന ഉത്തരവ് വിദ്യാഭ്യാസ വകുപ്പിൽ നടപ്പാക്കിയിട്ടുണ്ട്.

(സി) മുകളിലത്തെ ഉത്തരത്തിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) അത്തരം അപേക്ഷകൾ ഉള്ളതായി അറിവിൽപ്പെട്ടിട്ടില്ല.

(ഇ) അത്തരം അപേക്ഷകൾ ഉള്ളതായി അറിവിൽപ്പെട്ടാൽ അവ പരിശോധിക്കുന്നതാണ്.

സംസ്ഥാനത്തെ മുസ്ലീം വിദ്യാഭ്യാസ ഇൻസ്പെക്ടർമാർ

1438. [2040] ശ്രീ. പി. എം. അബൂബക്കർ :
,, കെ. പി. രാമൻ :
,, എ. വി. അബ്ദുറഹിമാൻ ഹാജി :
,, ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഇന്ന് സംസ്ഥാനത്ത് എത്ര മുസ്ലീം വിദ്യാഭ്യാസ ഇൻസ്പെക്ടർമാർ ഉണ്ട് ;

(ബി) ഇതിൽ വനിതാ ഇൻസ്പെക്ടർമാർ എത്രയാണ് ;

(സി) മുസ്ലീം വിദ്യാഭ്യാസ ഇൻസ്പെക്ടർമാർ ഏതെല്ലാം ജില്ലകളിലാണ് ഉള്ളത് ; എത്ര പേർ വീതം ഉണ്ട് ; അവർ ആരൊക്കെയാണ് ;

(ഡി) ഈ ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിന്റെ മാനദണ്ഡമെന്താണ് ;

(ഇ) ആരാണ് ഇവരെ നിയമിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആറ് മുസ്ലീം വിദ്യാഭ്യാസ ഇൻസ്പെക്ടർമാരുടെയും മൂന്ന് വനിതാ ഇൻസ്പെക്ടർമാരുടെയും തസ്തികകൾ ഉണ്ട്.

(ബി) കൊല്ലം, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

ജില്ല	മുസ്ലീം ഇൻസ്പെക്ടർമാർ	വനിതാ ഇൻസ്പെക്ടർമാർ
കൊല്ലം	എം. മുഹമ്മദ് കുഞ്ഞ്	..
എറണാകുളം	കെ. അലവി	..
പാലക്കാട്	ടി. ഐ. റഷീദ് സാഹിബ്	കെ. അയിഷക്കുട്ടി
മലപ്പുറം	കെ. മുഹമ്മദു കുട്ടി	എം. ആമിന
കോഴിക്കോട്	ഒഴിവു നികത്തിയിട്ടില്ല	എം. റംലാബി
കണ്ണൂർ	എസ്. അബ്ദുൽ റഹിമാൻ	..

(സി) ജി. ഒ. എം. എസ്. 525/65 എഡ്യു. തീയതി 27-9-1965-ൽ വിവരിക്കുന്ന നിശ്ചിത യോഗ്യതയുള്ളവരും ഗവൺമെൻറ് സ്കൂളിൽ എച്ച്. എസ്. എ. ആയി ജോലി നോക്കുന്നവരിൽ നിന്നും ട്രാൻസ്ഫർ പോസ്റ്റിംഗ് മുഖാന്തിരം ഒഴിവുകൾ നികത്തുന്നു.

(ഇ) വിദ്യാഭ്യാസ ഡയറക്ടർ.

ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഒഴിവുകൾ

1439. [2041] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെങ്കിലും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഒഴിവുകളുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) ഇവ നികത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

എ. ഇ. ഒ. മാരുടെ ഒഴിവുകൾ

1440. [2042] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെങ്കിലും ഇന്ന് അസിസ്റ്റൻറ് എഡ്യൂക്കേഷൻ ഓഫീസർമാരുടെ ഒഴിവുകളുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) ഇവ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly